(ബി) കോടതികൾ ഇനം തിരിച്ച് ഫീസ് നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഓരോ സ്ഥലത്തും തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിനെ സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ—സി) പഞ്ചായത്തുകൾക്കായി കേസ്സുകൾ നടത്തുന്നതിന് വക്കീലിനെ ഏർപ്പെടുത്തുന്നതിനുള്ള ഫീസ് നിരക്ക് നിശ്ചയിച്ചുകൊണ്ട് 31-10-2003-ൽ സ.ഉ.അച്ചടി നമ്പർ 321/2003/തസ്വഭവ. നമ്പർ വിജ്ഞാപനപ്രകാരം കേരള പഞ്ചായത്ത്രാജ് (കേസുകളുടെ നടത്തിപ്പും നിയമോപദേഷ്ടാക്കൾക്ക് ഫീസ് നൽകലും) ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ചട്ടങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ചീക്കോട് പഞ്ചായത്ത് വിഭജനം

119 [124] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏറ്റവും വലിയ പഞ്ചായത്തായ ചീക്കോട് പഞ്ചായത്ത് വിഭജിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നത്തേക്ക് വിഭജിക്കും എന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം പഞ്ചായത്തുകളായാണ് വിഭജിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പഞ്ചായത്ത് വിഭജനം എന്നത്തേക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) വിഭജനം നടപ്പിലാക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) നടപടി സ്വീകരിച്ചുവരുന്നു. പൊതു തിരഞ്ഞെടുപ്പിന് മുന്നോടിയായിട്ടാണ് പഞ്ചായത്തുകൾ വിഭജിക്കാനുദ്ദേശിക്കുന്നത്.

(സി) പുതിയ പഞ്ചായത്തുകളുടെ പേരുകൾ തീരുമാനിച്ചിട്ടില്ല.

(ഡി) 2005 സെപ്തംബറിൽ പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) മറ്റു തടസ്സങ്ങൾ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly